(ബി) കൺസൂക്ഷൻ കോർപ്പറേഷനിൽ ജോലി നോക്കുന്നവരിൽ നേരിട്ട് നിയമിക്കപ്പെട്ടവർ എത്ര ; ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്നവർ എത്ര ;

(സി) കോൺട്രാക്ടുടിസ്ഥാനത്തിൽ ജോലി നോക്കുന്നവർ എത്ര ;

(ഡി) വിവിധ സർവ്വീസുകളിൽ നിന്ന് റിട്ടയർ ചെയ്തതിന് ശേഷം കോർപ്പറേഷൻ സേവനം നടത്തുന്നവർ ആരൊക്കെ ; ഓരോരുത്തരുടെയും തസ്തിക, വേതനം, സേവന കാലയളവ് തുടങ്ങിയവ വിശദമാക്കുമോ ?

ഉത്തരം

(എ) വിശദാംശം അനുബന്ധം " എ" ആയി ചേർത്തിരിക്കുന്നു.*

(ബി) കൺസൂക്ഷൻ കോർപ്പറേഷനിൽ പി.എസ്.സി. വഴി 25 (ഇരുപത്തിയഞ്ച്) പേർക്ക് നേരിട്ട് നിയമനം ലഭിച്ചിട്ടുണ്ട്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 7 (ഏഴ്) ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

(സി) കോൺട്രാക്ട് അടിസ്ഥാനത്തിൽ 57 പേർ ജോലി ചെയ്യുന്നു.

(ഡി) വിശദാംശം അനുബന്ധം " ബി" ആയി ചേർത്തിരിക്കുന്നു.*

കേരള കൺസൂക്ഷൻ കോർപ്പറേഷൻ

275(3200) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കൺസൂക്ഷൻ കോർപ്പറേഷൻ ടെണ്ടറുകളിൽ പങ്കെടുക്കുന്നതിന് എന്തൊക്കെ ഇളവ് ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസൂക്ഷൻ കോർപ്പറേഷൻ എത്ര പ്രവൃത്തി ഏറ്റെടുത്തു ; എത്ര എണ്ണം പൂർത്തീകരിച്ചു ; ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(സി) കൺസൂക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത പ്രവൃത്തികൾ കമ്മീഷൻ കൈപ്പറ്റി സ്വകാര്യ കരാറുകാർക്ക് മറിച്ച് നൽകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പദ്ധതികൾ മറിച്ച് നൽകി; ഏതൊക്കെ ;

(ഡി) ടെണ്ടറുകൾ മറിച്ച് നൽകിയവയിൽ 104.81 കോടി രൂപ സർക്കാരിന് നഷ്ടമുണ്ടാക്കിയെന്ന എ.ജി.-യുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; പകർപ്പ് ലഭ്യമാക്കാമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(എഫ്) സ്വകാര്യ കരാറുകാരുമായി ചേർന്ന് സർക്കാരിന് കോടികളുടെ നഷ്ടമുണ്ടാക്കുന്ന കോർപ്പറേഷൻ അധികാരികൾക്കെതിരെ നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ സർക്കാരിന്റെ ടെണ്ടറുകളിൽ പങ്കെടുക്കുവാൻ ഫ്രീ ക്വാളിഫൈ ചെയ്തിട്ടുണ്ട്. ഇ.എം.ഡി. സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 'എ ' ക്ലാസ്സ് കോൺട്രാക്ടറായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുപുറമേ മറ്റ് കരാറുകാരിൽ നിന്നും 10% അധിക നിരക്കിൽ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ടെണ്ടർ സമർപ്പിച്ചാൽ പ്രസ്തുത കരാർ പരിഗണിക്കാനും വ്യവസ്ഥയുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ഡിപ്പാർട്ടുമെന്റുകളിലായി ആകെ 191 പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. പ്രവൃത്തികളുടെ പട്ടിക അനുബന്ധം I ആയി ചേർത്തിരിക്കുന്നു.* ഇതിൽ 50 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പട്ടിക അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോർപ്പറേഷന്റെ പാനലിൽപ്പെട്ട കരാറുകാരെക്കൊണ്ട് പണി ചെയ്യിക്കുകയാണ് പതിവ്.

(ഡി&ഇ) ഗവൺമെന്റ് കരാറുകൾ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകിയതിലൂടെ 104.81 കോടിരൂപയുടെ നഷ്ടമുണ്ടാക്കിയെന്ന സി & എ.ജി. യുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഇത് കൺസ്ട്രക്ഷൻ കോർപ്പറേഷനെ മാത്രം ബാധിക്കുന്നതല്ല. ഒരു പൊതു റിപ്പോർട്ടാണിത്. അതിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനും ഉൾപ്പെടുന്നുണ്ട്. ഈ റിപ്പോർട്ട് പരിശോധിച്ച് വരുന്നു.

(എഫ്) സ്വകാര്യ കരാറുകാരുമായി ചേർന്ന് സർക്കാരിന് നഷ്ടമുണ്ടാകുന്ന വിധത്തിൽ കോർപ്പറേഷൻ പ്രവർത്തിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണ പുരോഗതി

276(3201) ശ്രീ. റ്റി. യു. കരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly